# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 5 — 09-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | : | ശ്രീ. കെ.ബാബു |
| ശ്രീ.പി.സി.ജോർജ്ജ് | : | (മത്സ്യബന്ധനവും തുറമുഖവും |
| ഡോ. എൻ.ജയരാജ് | : | എക്സൈസും വകുപ്പു മന്ത്രി) |
| ശ്രീ. റോഷി അഗസ്റ്റിൻ | : | |

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി വിലയിരുത്തിയിട്ടുള്ളത് താഴെ പറയുന്ന ഘടകങ്ങളാണ്.

- സംസ്ഥാനത്ത് നിന്നുള്ള കാർഗോയിലുള്ള കുറവ് കാരണം ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് മാത്രമായി ചുരുങ്ങുന്ന സാഹചര്യം.
- ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന് ആവശ്യം വേണ്ട കബോട്ടാഷ് നിയമത്തിന്റെ ഇളവ് കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യം.
- പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതിയ്ക്ക് എതിരെയും 2011 ലെ CRZ നിയമത്തേയും ചോദ്യം ചെയ്തു കൊണ്ടും ഹരിത ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ.
- ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്നുള്ള കണ്ടെയ്നർ ചരക്കു ഗതാഗതത്തിലെ കുറവും.

(ബി) നിലവിൽ ടെൻഡർ സമർപ്പിക്കാൻ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;

(ബി) 2013 ഡിസംബർ മാസം 4 -ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി പദ്ധതി നടത്തിപ്പിനായി പുറപ്പെടുവിച്ചിട്ടുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ ടെണ്ടറിൽ താഴെ പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടിയിട്ടുണ്ട്.

- Gammon Infrastructure Projects Limited.
- Consortium of Concast Infratech Ltd &

Hyundai Engineering & Construction Co.Ltd.

- Essar Ports Ltd,
- SREI-OHL Consortium
- Adani Ports & Special Economic Zone Ltd.

ഇതിൽ (1) Essar Ports Ltd, 2) SREI-OHL Consortium 3) Adani Ports & Special Economic Zone Ltd. എന്നീ മൂന്ന് കമ്പനികൾ അടുത്ത ഘട്ടത്തിനായുള്ള (Finanical Bid) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(സി) ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും 2010 സെപ്റ്റംബറിൽ സ്ട്രാറ്റജിക് ഓപ്ഷൻസ് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് കടുത്ത മത്സരം നേരിടുന്ന ഒരു മേഖലയാണ്. പുതുതായി ഒരു ഗ്രീൻഫീൽഡ് തുറമുഖം പൂർണ്ണമായും പൊതുമേഖലയിൽ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത് ആശാസ്യമല്ല. ഗ്രീൻഫീൽഡ് പോർട്ടിന്റെ പ്രാഥമിക ഘട്ട മുതൽമുടക്ക് കൂടുതലായതിനാലും, ചരക്കു കൈകാര്യം ചെയ്യുന്നത് കുറവായതിനാലും ഈ തുറമുഖം സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്നതും ലാഭകരമല്ല. എന്നാൽ ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് വിജയകരമായി നടത്തുന്നതിന് പ്രാഥമിക ഘട്ടം മുതൽക്കു തന്നെ പരിചയ സമ്പന്നതയുള്ള ഒരു ഓപ്പറേറ്റർ കൂടിയേ തീരൂ. ഇക്കാരണത്താൽ പദ്ധതി ചെലവിന്റെ ഒരു ഭാഗം പൊതുമേഖലയും ശേഷിക്കുന്ന ഭാഗം സ്വകാര്യ മേഖലയും ചേർന്ന് Public Private Partnership (PPP) ഘടകമുൾപ്പെടുന്ന ലാന്റ് ലോർഡ് മോഡലിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ശുപാർശ ചെയ്തത്. സംസ്ഥാന സർക്കാർ ഈ ശുപാർശ 2010 ൽ തന്നെ അംഗീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**